

ശാന്തമായ കടലിന്റെയും കാറ്റിന്റെയും നേരെ നിൽക്കുന്ന യേശുവിനെ നോക്കി ശിഷ്യൻ ആശ്ചര്യത്തോടെ ചേദിക്കുന്നു: "ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നുവല്ലോ?"



# വിശ്വാസജീവിതം

ബ്രദർ പ്രിൻസ് വെട്ടുകാട്ടിൽ

**ക**ണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിന്റെയും കാതടപ്പിക്കുന്ന ശബ്ദകോലാഹലത്തിന്റെയും തിക്കിലും തിരക്കിലും പെട്ട് ഉഴലുന്ന ജീവിതമാണ് നമ്മുടേത്. വല്ലപ്പോഴും നാം നമ്മുടെ മനഃസാക്ഷിയോട് തന്നെ ചോദിക്കുന്ന ചില ചോദ്യങ്ങളുണ്ട്. നിന്റെ പ്രതിസന്ധികളിൽ എവിടെയാണ് യേശുക്രിസ്തു? നീ വിശ്വസിക്കുന്ന യേശുക്രിസ്തു ആരാണ്? പുറമേ നിന്ന് നോക്കുമ്പോൾ പ്രശാന്തമായ കടൽപോലെ പ്രസന്നമായ നിന്റെ ജീവിതത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവനാണ് ദൈവം. അത് ഒരുപക്ഷേ നിനക്കറിയുന്നതിനേക്കാൾ കൂടുതൽ നിന്റെ പ്രശ്നങ്ങളെ അറിയുന്നവനാണ് നിന്റെ ദൈവം. ഇന്നത്തെ തിരുവചനം നിന്റെ ഉള്ളിലെ സംഘർഷങ്ങൾക്ക് ഉത്തരം തരുന്നു. മാത്രമല്ല നിന്റെ വിശ്വാസജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കൊടുങ്കാറ്റിനെ ശാന്തമാക്കുന്നതിലൂടെയും പിശാചുബാധിതരെ സുഖപ്പെടുത്തുന്നിതലൂടെയും ലോകത്തിന്റെയും പിശാചിന്റെയും മേലുള്ള ദൈവത്തിന്റെ പൂർണ്ണ അധികാരത്തെ നമുക്കു മുമ്പിൽ വെളിപ്പെടുത്തുന്നു. ജീവിതത്തിലെ ഊരാക്കുടുക്കുകളിൽ പെട്ട് ജീവിതരഥത്തെ മുമ്പോട്ട് തെളിക്കാൻ പ്രയാസപ്പെടുമ്പോൾ നിന്റെ മനസിനെ ബലപ്പെടുത്തേവനാണ് 'നിന്നെ സ്വന്തമാക്കിയവനാണ് നിന്റെ ദൈവം. ഈ ഒരു ചിന്ത പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കാൻ നിന്നെ പ്രാപ്തനാക്കുന്നു. അപ്പോൾ നിന്റെ പ്രതിസന്ധികളിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ ദൃശ്യമാകും. അമരത്ത് കിടന്നുറങ്ങുന്നവനെ അരികിലേക്ക് വിളിക്കേണ്ടത് നമ്മളാണ്. അതിന് അരികിലിരിക്കുന്നവൻ ദൈവമാണെന്ന് നാം തിരിച്ചറിയണം. എന്റെ തന്നെ ബുദ്ധിയിലും ശക്തിയിലും ആശ്രയിക്കാതെ ദൈവത്തിന് എന്നെ പൂർണ്ണമായി വിട്ടുകൊടുക്കുമ്പോൾ ജീവിതത്തിലുണ്ടാകുന്ന ഏതു പ്രതിസന്ധിയേയും നേരിടാനുള്ള ശക്തി എനിക്ക് അവിടുന്ന പ്രധാനം ചെയ്യും.

ശാന്തമായ കടലിന്റെയും കാറ്റിന്റെയും നേരെ നിൽക്കുന്ന യേശുവിനെ നോക്കി ശിഷ്യൻ ആശ്ചര്യത്തോടെ ചേദിക്കുന്നു: "ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നുവല്ലോ?" മറ്റുള്ളവരുടെ മുമ്പിൽ തങ്ങളുടെ ഗുരുവിനെക്കുറിച്ച് വാചാലരാകേണ്ട ശിഷ്യന്മാർ തന്നെ പരസ്പരം ചോദ്യം ചോദിക്കുകയാണ്. ഒരപാട് അത്ഭുതങ്ങൾ കണ്ട് കൂടെനടന്ന ശിഷ്യന്മാർ തന്നെ സംശയിക്കുന്നു. ശിഷ്യന്മാർക്ക് ഗുരുവിനോടുള്ള വിശ്വാസത്തിന് വിള്ളൽ വീഴുന്നു. എന്തിലാണ് ശിഷ്യർക്ക് വിശ്വാസക്കുറവ് വന്നുപോയത്. തങ്ങളോടൊപ്പം സഹചാരിയായ ഈശോയുടെ സാന്നിധ്യവും ശക്തിയും ശരിയായവിധത്തിൽ മനസ്സിലാക്കാൻ കഴിയാതെ പോയതാണ് അവരുടെ വിശ്വാസക്കുറവിനു കാരണം. മരണത്തിന്റെ മുഖം ദർശിക്കുമ്പോഴും ദൈവം തങ്ങളെ അത്യന്തികമായി കൈവിടുകയില്ലെന്ന ബോധ്യവും അതിൽ നിന്നു ത്ഭവിക്കുന്ന ദൈവത്തിലുള്ള ശരണവുമാണ് നമുക്ക് വേണ്ടത്. ദൈവം നമ്മുടെ ജീവിതത്തോണിയുടെ അമരത്തുങ്കിൽ ഏതു പ്രക്ഷുബ്ധസാഹചര്യത്തിലും നമ്മുടെ ചെറുതോണിയെ കീഴ്പ്പെടുത്താനാകില്ല. ദൈവത്തിന്റെ യഥാർത്ഥ ശക്തിയെ, അധികാരത്തെ മനസ്സിലാക്കാൻ മനുഷ്യരായ നമ്മൾ പലപ്പോഴും വൈകുന്നു. അതിന്റെ ഉദാഹരണമാണ് കൂടിവരുന്ന മന്ത്രവാദങ്ങളും. കുടോത്രവുമെല്ലാം. എന്നാൽ നാം സുവിശേഷത്തിൽ കാണുന്നു യേശുവിനെ തിരിച്ചറിഞ്ഞ, യേശുവിന്റെ അധികാരത്തെ മനസ്സിലാക്കിയ പിശാചുബാധിതർ ദൈവത്തിന്റെ പുത്രൻ ആണ് ഇവൻ എന്ന് വിളിച്ചു പറയുന്നു. ശിഷ്യന്മാർ പോലും ഒരു നിമിഷത്തേക്ക് മറന്നു പോയ സത്യം. ഇതു തന്നെയാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. ക്രിസ്ത്യാനികളായ നാം ക്രിസ്തുവിന്റെ ദൈവീക ശക്തിയിൽ പലപ്പോഴും സംശയത്തിന്റെ ദൃഷ്ടിപതിപ്പിക്കുന്നു. എന്നാൽ നാം വിശ്വസിക്കുന്നവനാണ് യഥാർത്ഥ ദൈവമെന്ന് നമ്മെക്കാൾ കൂടുതൽ ഒരു പക്ഷേ മനസ്സിലാകുന്നത് മറ്റുള്ളവരാകാം. അതുകൊണ്ട് എന്നെ നയിക്കുന്ന എന്റെ കൂടെ നടക്കുന്ന എന്റെ ദൈവത്തെ തിരിച്ചറിയാൻ ഞാൻ പരിശ്രമിക്കണം.

ക്രിസ്ത്യാനികളായതിൽ അഭിമാനിക്കുന്ന നാം എന്നും ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്നവരായിരിക്കണം. അകലുമ്പോൾ അറിയാതെ അജ്ഞതയിലാഴുന്നു. അടുക്കുമ്പോൾ അറിയാതെ നാം അവന്റേതായി മാറുന്നു. ദൈവീക വെളിപാടുകൾക്ക് മുമ്പിൽ, ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് മുമ്പിൽ പൂർണ്ണ സമർപ്പണത്തോടെ നമുക്ക് വർത്തിക്കാം. കടലും തിരയും തിരയിലുലയുന്ന തോണിയുമൊക്കെ മനുഷ്യജീവിതത്തിലെ അനുഭവങ്ങളുടെ പ്രതീകം കൂടിയാണ്. ലോകമാകുന്ന മഹാസാഗരത്തിൽ ജീവിതയാനം ഇഴഞ്ഞു മുന്നേറുമ്പോൾ പലവിധത്തിലുള്ള ക്ലേശങ്ങളും കടന്നു വരും. അപ്പോഴെല്ലാം പരിഭ്രമിക്കാതെ, അന്തവിശ്വാസങ്ങളുടെ പുറകെ പോകാതെ ഉള്ളിലെ വിശ്വാസത്തെ കെടാതെ സൂക്ഷിച്ച് ദൈവപുത്രാ എന്ന് വിളിക്കാനുള്ള കരുത്ത് നമുക്ക് ഉാകട്ടെ. ലോകത്തിന്റെയും പിശാചിന്റെയുംമേൽ അധികാരമുള്ള ദൈവീക സാന്നിധ്യം നമ്മെ സുരക്ഷിതരായി തീരത്തേക്ക് എത്തിക്കും എന്ന ബോധ്യം നമുക്ക് സ്വന്തമാക്കാം; വിശ്വാസത്തിൽ ആഴപ്പെടാം.

